(ബി) നിലവിലുള്ള സംവിധാനങ്ങൾ ശാസ്ത്രീയമാണ്. അവ തൃപ്തികരമായി നടപ്പാക്കിവരുന്നുമുണ്ട്.

സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിൽ പ്രാക്ടീസ് ചെയ്യുന്നത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ

145 (856)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട്; ഇത് എന്നത്തേയ്ക്ക് നികത്താനാകും;

(ബി) തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ ചില ഡോക്ടർമാർ അവധിയിൽ പ്രവേശിച്ച് സ്വകാര്യ ആശുപത്രികളിൽ സേവനം അനുഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ ഏതെല്ലാം ഡോക്ടർമാരാണ് സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്യുന്നത്;

(ഡി) ഇവരുടെ പേരിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിൽ സേവനം അനുഷ്ടിക്കുന്നതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എസ്.സി അഡ്വൈസ് ലഭിച്ചതിനെ തുടർന്ന് ജില്ലയിലെ എല്ലാ ഒഴിവുകളിലേയ്ക്കും ഡോക്ടർമാരെ നിയമിച്ചിരുന്നു. എന്നാൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സിന് പഠിക്കുന്നവർ ഉൾപ്പെടെ ഏതാനുംപേർ ജോയിനിംഗ് ടൈം നീട്ടിക്കിട്ടാൻ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്കും ഉടൻതന്നെ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ബി)മുതൽ(ഡി)വരെ സർക്കാർ ആശുപത്രിയിൽ നിന്ന് കെ.എസ്.ആർ., ക്കാറിലെ അപ്പൻഡിക്സ് XII A പ്രകാരം ദീർഘകാല അവധിയെടുത്ത് മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് നിയമ തടസ്സമില്ല. ഇപ്രകാരം അവധി എടുത്തവർ സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്യുന്നുണ്ടോ എന്ന് അന്വേഷണം നടത്താറില്ല. അതുകൊണ്ട് അവരുടെ കണക്ക് ലഭ്യമല്ല. അവധി എടുക്കാതെ അപ്രകാരം ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുള്ളതിനാൽ ഉടൻതന്നെ പകരം നിയമനം നടത്താറുണ്ട്. പകരം നിയമനം നടത്തുവാൻ ഡോക്ടർമാർ ലഭ്യമല്ലാതെ വരുന്ന മെഡിക്കൽ കോജേജിലെ ചില വകുപ്പുകളിൽ (ദുർലഭ വിഭാഗങ്ങൾ) അവധി അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly